2008, ഖുത്ബ നമ്പര്‍- 15

بسم الله الرحمن الرحيم

11.4.2008
**ബയ്ത്തുല്‍ ഫുത്തൂഹ്, ലണ്ടന്‍**

# യാത്ര, ദൈവപ്രീതിക്കുള്ള മാര്‍ഗ്ഗമാകണം

**അ**ല്ലാഹുതആല വിശുദ്ധഖുര്‍ആനില്‍ യാത്രയെക്കുറിച്ച് വിവിധ സ്ഥലങ്ങളില്‍ വിവിധ വിഷയങ്ങള്‍ ഉദ്ധരിച്ചുകൊണ്ട് നമ്മുടെ ശ്രദ്ധയെ ക്ഷണിച്ചിരിക്കുന്നു. നബിമാരെ നിഷേധിക്കുന്നവരോട്, ലോകത്ത് ചുറ്റിസഞ്ചരിക്കാനും നിഷേധികളായ ജനതകളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കിക്കാണാനും പറഞ്ഞിരിക്കുന്നു. ഈജിപ്തില്‍ ഫിര്‍ഔന്‍റെ ജഡം ഇന്നുവരെ സുരക്ഷിതമാക്കിവച്ചുകൊണ്ട് എന്നെന്നേക്കുമായി, നിഷേധിക്കുന്നവര്‍ക്കും പരിധികള്‍ ലംഘിക്കുന്നവര്‍ക്കും ഒരു ഗുണപാഠത്തിനുള്ള സാഹചര്യം ഒരുക്കിയിരിക്കുകയാണ്. ആയിരക്കണക്കിന്, ലക്ഷക്കണക്കിന് വിനോദസഞ്ചാരികള്‍ അത് കണ്ടുവരുന്നു. അതിനെക്കുറിച്ചുള്ള അറിവ് അതിനുപുറമെയും ലഭിക്കുന്നുണ്ട്. ഇക്കാലത്ത് ഇന്‍റര്‍നെറ്റില്‍നിന്നും വിവരങ്ങള്‍ സുലഭമാണ്. അത് നോക്കിക്കാണുന്നവരില്‍ മുസ്ലിംകളും ക്രിസ്ത്യാനികളും നിര്‍മ്മതക്കാരും മറ്റു വിശ്വാസികളുമൊക്കെയുണ്ട്. അല്ലാഹുവിനോട് ഭയമുണ്ടെങ്കില്‍, എങ്ങനെയാണ് ഫിര്‍ഔന്‍റെ പര്യവസാനമുണ്ടായതെന്ന് നിങ്ങള്‍ നോക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്‍റെ കാലഘട്ടത്തില്‍ ഫിര്‍ഔനെക്കുറിച്ചുള്ള ഈ സത്യമായ കാര്യം നേരില്‍കാണുന്നതിന് എളുപ്പമാര്‍ഗ്ഗങ്ങള്‍ ലഭ്യമാണ്. വിശുദ്ധഖുര്‍ആന്‍റെ പ്രവചനമനുസരിച്ച്, വളരെ നല്ലനിലയില്‍ ഇക്കാലത്ത് മാര്‍ഗ്ഗങ്ങള്‍ തെളിഞ്ഞുവന്നിരിക്കുന്നു. ഇതുമുഖേന പഴയ വസ്തുക്കള്‍ നല്ലനിലയില്‍ നോക്കിക്കാണാന്‍ കഴിയും. എന്തായാലും ഹൃദയങ്ങളില്‍ നന്മയുടെ തീപ്പൊരിയുള്ളവരും സന്മാര്‍ഗ്ഗം നല്കാന്‍ അല്ലാഹു ആഗ്രഹിക്കുന്നവരുമാണ് പാഠം പഠിക്കുന്നവര്‍. നബിയെ നിഷേധിക്കുകയും അദ്ദേഹവുമായി പോരാടുകയും ചെയ്ത ഫിര്‍ഔന്‍റെ സംഭവമാണ് ഞാന്‍ വിവരിച്ചത്.

വിശുദ്ധഖുര്‍ആനില്‍ നിരവധി നബിമാരുടെ സംഭവങ്ങള്‍ വിവരിച്ചുകൊണ്ട് നിഷേധികളായവര്‍ ഭൂമിയില്‍ ചുറ്റിസഞ്ചരിക്കാനും അവ നോക്കിക്കാണാനും അല്ലാഹു നിര്‍ദ്ദേശിച്ചിരിക്കുന്നു. പുരാവസ്തു സംരക്ഷണകേന്ദ്രങ്ങള്‍ നിങ്ങള്‍ സന്ദര്‍ശിക്കുക. എന്നാല്‍, അഹങ്കാരവും പൊങ്ങച്ചവും ഒന്നുമല്ലെന്നും നിങ്ങള്‍ക്ക് മനസ്സിലാകും. വമ്പന്‍ ജനതയുടെ അടയാളങ്ങളും ചിലപ്പോള്‍ ഇല്ലാതാകാറുണ്ട്. വിശുദ്ധഖുര്‍ആനില്‍ അല്ലാഹു സത്യവിശ്വാസികളോടും പല രീതിയിലുള്ള യാത്രകളും ചെയ്യാന്‍ പറയുന്നു. സത്യവിശ്വാസി, മുന്‍ജനതകളുടെ ദുഃഖപരമായ പര്യവസാനം കണ്ടും കേട്ടും പഠിച്ചും അല്ലാഹുവുമായി കൂടുതല്‍ ബന്ധം സ്ഥാപിക്കുന്നു. ഒരു സത്യവിശ്വാസി അത്തരം സംഭവങ്ങള്‍ കണ്ട് അല്ലാഹുവിലേക്ക് കൂടുതല്‍ ചായുന്നു. ശയ്ത്വാനില്‍നിന്ന് അല്ലാഹുവിന്‍റെ അഭയത്തില്‍ വരാന്‍ പരിശ്രമിക്കുന്നു. ഇത് ദുര്‍പര്യവസാനത്തില്‍നിന്നും നാശത്തില്‍നിന്നും സുരക്ഷിതരായിരിക്കാന്‍ വേണ്ടിയാണ്. രണ്ടാമത്തേത് ഒരു സത്യവിശ്വാസിയുടെ യാത്ര അല്ലാഹുവിന്‍റെ തൃപ്തി കരസ്ഥമാക്കാന്‍ വേണ്ടിയായിരിക്കുമെന്നതാണ്. അവന്‍റെ നിഅ്മത്തിന് നന്ദി കാണിക്കാന്‍ വേണ്ടിയായിരിക്കും അവരതില്‍ ശ്രദ്ധിക്കുക. അല്ലാഹു വിശുദ്ധഖുര്‍ആനില്‍ പഠിപ്പിച്ചിട്ടുള്ള പ്രാര്‍ത്ഥനയോടുകൂടിയാണ് സത്യവിശ്വാസി യാത്ര ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്നത്. നബി(സ) സ്ഥാപിച്ച ജീവിതമാതൃകയിലൂടെ നടക്കാനാണ് സത്യവിശ്വാസി ശ്രമിക്കുന്നത്. ഒരു യഥാര്‍ത്ഥ മുസ്ലിമില്‍നിന്ന്, പ്രതീക്ഷ വെച്ചുകൊണ്ട് നബി(സ) ചെയ്ത ഉപദേശമനുസരിച്ച് പ്രവര്‍ത്തിക്കാന്‍ അവന്‍ ശ്രമിക്കുന്നു. അതിനാല്‍ ഒരു സത്യവിശ്വാസിയുടെ മറ്റ് കര്‍മ്മങ്ങള്‍ പോലെ തന്നെ അവന്‍റെ യാത്രയും അല്ലാഹുവിന്‍റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയായിരിക്കും. നന്മകള്‍ നിലനിറുത്തുന്നതിനും നിലനിറുത്തിപ്പിക്കുന്നതിനും വേണ്ടിയായിരിക്കും. വിശുദ്ധഖുര്‍ആനില്‍ അല്ലാഹു പറയുന്നു. ***വ തസവ്വദൂ ഫ ഇന്ന ഖയ്റസ്സാദിത്തഖ്വാ*** യാത്രയ്ക്ക് ആവശ്യമായ വിഭവങ്ങള്‍ കരുതിക്കൊള്ളുക. തീര്‍ച്ചയായും ഏറ്റവും നല്ല കരുതല്‍ വിഭവം തഖ്വ (ഹൃദയഭക്തി)യാകുന്നു (2:198).

ഈ വചനത്തില്‍ വന്നിരിക്കുന്ന വിശുദ്ധഖുര്‍ആന്‍റെ ഈ വാക്കുകള്‍ ഹജ്ജിനെക്കുറിച്ച് പറയുന്നിടത്താണ് പറഞ്ഞിട്ടുള്ളത്. ഇസ്ലാമിന്‍റെ ഈ കാര്യം നിര്‍വ്വഹിക്കുന്നതിനായി പുറപ്പെടുമ്പോള്‍, എപ്പോഴും ഓര്‍മ്മിക്കുക, യഥാര്‍ത്ഥ സത്യവിശ്വാസി എല്ലാത്തരം ആത്മപരമായ രോഗങ്ങളില്‍നിന്ന് തന്നെ രക്ഷപ്പെടുത്തിക്കൊണ്ടും നന്മകളില്‍ പദമൂന്നിക്കൊണ്ടും ഈ പരിശുദ്ധ നിര്‍ബ്ബന്ധകടമ നിര്‍വ്വഹിക്കാന്‍വേണ്ടി വീട്ടില്‍നിന്ന് ഇറങ്ങുകയും പരിശ്രമിക്കുകയും ചെയ്യുന്നു. യാത്രയ്ക്കുള്ള നിങ്ങളുടെ സാധനങ്ങളിലും നിങ്ങളുടെ കര്‍മ്മങ്ങളിലും തഖ്വയുണ്ടെങ്കില്‍, ഹജ്ജ് സ്വീകരിക്കുന്ന നില പ്രാപിക്കും. എന്നാല്‍, സത്യവിശ്വാസിക്ക് ഇതൊരു പൊതുവെയുള്ള കല്പനയും കൂടിയാണ്. ഏറ്റവും നല്ല പാഥേയം തഖ്വയാണെന്നുള്ള കാര്യം എപ്പോഴും ഓര്‍മ്മിക്കുക. സത്യവിശ്വാസിയുടെ യാത്ര ഏറ്റവും ഉന്നതമായ നന്മകള്‍ കരസ്ഥമാക്കുന്നതിനായാണെങ്കിലും അല്ലെങ്കില്‍ സാധാരണ ചെയ്യുന്ന യാത്രയാണെങ്കിലും ഏതായാലും ഓര്‍ക്കുക, അല്ലാഹുവിന്‍റെ ബര്‍ക്കത്തുകള്‍ വഹിക്കുന്ന യാത്ര, തഖ്വ മുന്നില്‍ കണ്ടുകൊണ്ടുള്ളതായിരിക്കും. ഇതില്‍ അല്ലാഹുവിന്‍റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി സല്‍കര്‍മ്മങ്ങള്‍

ചെയ്യാനുള്ള പരിശ്രമവും മുന്നിൽ ഉണ്ടായിരിക്കും. അതിനാൽ യാത്രയിൽ അനുഗ്രഹങ്ങൾ കരസ്ഥമാക്കണമെങ്കിൽ തഖ്‌വ അടിസ്ഥാനപരമായ നിബന്ധനയാണ്. ഇത് സത്യവിശ്വാസികൾ എപ്പോഴും മുന്നിൽ കാണേണ്ടതാണ്. ഇത് മുന്നിൽ കാണുകയാണെങ്കിൽ, ഭൗതിക നേട്ടങ്ങൾക്കുവേണ്ടിയുള്ള യാത്രയും അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നതിനുള്ള മാർഗ്ഗമായിത്തീരും. ഇത്തരം യാത്രയാണ് സത്യവിശ്വാസിയുടെ മാഹാത്മ്യം. ഇങ്ങനെ തന്നെയാണ് വേണ്ടതും. ഒരു മുസ്‌ലിം തഖ്‌വയുടെ പാഥേയം കൂടെ കരുതുമ്പോൾ, അല്ലാഹു സത്യവാനായ വിശ്വാസികളുടെ പ്രത്യേകതകളായി സുവിശേഷമറിയിച്ചിട്ടുള്ളവരുടെ അണിയിൽ അവൻ നിൽക്കുന്നവനായിത്തീരുന്നു. അല്ലാഹു പറയുന്നു

التَّائِبُونَ الْعَابِدُونَ الْحَامِدُونَ السَّائِحُونَ
الرَّاكِعُونَ السَّاجِدُونَ الْآمِرُونَ
بِالْمَعْرُوفِ وَالنَّاهُونَ عَنِ الْمُنْكَرِ
وَالْحَافِظُونَ لِحُدُودِ اللَّهِ ۗ وَبَشِّرِ
الْمُؤْمِنِينَ ﴿١١٢﴾

പശ്ചാത്തപിച്ചു മടങ്ങുന്നവരും അല്ലാഹുവിനെ ആരാധിക്കുന്നവരും അവനെ സ്തുതിക്കുന്നവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യാത്ര ചെയ്യുന്നവരും നമിക്കുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരും നല്ലകാര്യങ്ങൾ ഉപദേശിക്കുന്നവരും നിഷിദ്ധകാര്യങ്ങൾ വിലക്കുന്നവരും അല്ലാഹുവിന്റെ പരിധികളെ കാത്തുസൂക്ഷിക്കുന്നവരുമാണ് സത്യവിശ്വാസികൾ. അങ്ങനെയുള്ള സത്യവിശ്വാസികൾക്ക് സുവിശേഷമറിയിക്കുക (9:112).

തഖ്‌വയിലൂടെ നടക്കുന്നതിനുള്ള ഒന്നാമത്തെ നിബന്ധന തൗബ അഥവാ പശ്ചാത്തപിച്ചുമടങ്ങലാണ്. സത്യവിശ്വാസിയും പാപങ്ങളും തമ്മിൽ അകൽച്ച ഉണ്ടാക്കിക്കൊണ്ടേ പോകുംവിധമുള്ള പശ്ചാത്താപം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു, “സത്യവിശ്വാസി പതിവായി സൽകർമ്മം ചെയ്യുമ്പോൾ അല്ലാഹു അവന് സത്യസമ്പൂർണ്ണമായ നിലയിൽ പശ്ചാത്തപിച്ചുമടങ്ങാൻ കഴിവ് നൽകുന്നതാണ്; എത്രത്തോളമെന്നാൽ, എല്ലാവിധ ദോഷങ്ങളും അവനിൽനിന്ന് മറഞ്ഞുപോയി ഉൽകൃഷ്ടമായ സ്വഭാവങ്ങളും സൽകർമ്മങ്ങളും തൽസ്ഥാനം ഏറ്റെടുക്കുന്നതാണ്. പതിവായിട്ടുള്ള സൽകർമ്മങ്ങൾ എങ്ങനെയാണ് അനുഷ്ഠിക്കേണ്ടത്? തിന്മകളെ അയലത്തുവരാൻ അനുവദിക്കുകയില്ലെന്ന് ദൃഢമായ തീരുമാനമെടുക്കുക. അപ്പോൾ ഈ തിന്മകളുടെ സ്ഥാനമെല്ലാം ഉന്നതമായ സ്വഭാവഗുണങ്ങൾ പിടിച്ചെടുക്കുന്നതായിരിക്കും. അങ്ങനെ സ്തുത്യർഹമായ കർമ്മങ്ങൾ അവനിൽനിന്ന് ഉണ്ടാകാൻ തുടങ്ങുന്നു. നല്ല പാഥേയം എപ്പോഴും സംഘടിപ്പിച്ചുതരുന്ന സത്യമായ പശ്ചാത്താപം ഇതുതന്നെയാണ്. പിന്നീട് മനുഷ്യൻ പരിപൂർണ്ണനായ നിലയിൽ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാൻ ശ്രമിക്കുന്നവനായിത്തീരും. അല്ലാഹുവിലേക്ക് തന്റെ രോഗശമനത്തിനായി ദൃഷ്ടി ഉയർന്നുകൊണ്ടിരിക്കും. അല്ലാഹുവിലേക്ക് ദൃഷ്ടി പായുമ്പോൾ ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന സത്യവിശ്വാസികളുടെ മറ്റ് പ്രത്യേകതകളിലേക്ക് ശ്രദ്ധയുണ്ടാകും. അതായത് ദൈവാരാധന. പൂർണ്ണമായ നിലയിൽ അവന്റെ മുന്നിൽ കുനിയുകയും തന്റെ ഓരോ കർമ്മത്തേയും അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് ചെയ്യാൻ പരിശ്രമിക്കുകയും ചെയ്യുക. ഇത്തരം അവസ്ഥ ഉണ്ടായിക്കഴിഞ്ഞാൽ സത്യവിശ്വാസിയുടെ മൂന്നാമത്തെ അവസ്ഥ ***ഹാമിദൂൻ*** എന്നതിന്റേതാണ്. അതായത്, സ്തുതിക്കുന്നവർ. നല്ല അവസ്ഥയായാലും മോശമായ അവസ്ഥയായാലും യാത്രയിലായാലും അല്ലെങ്കിലും അല്ലാഹുവിന്റെ സ്തുതി സത്യവിശ്വാസിയുടെ നാവിൽ സദാ ഉണ്ടായിരിക്കണം. പിന്നീട് നിങ്ങൾ അല്ലാഹുവിന്റെ വഴിയിൽ യാത്ര ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ദീനും ദുൻയാവും നന്നായിത്തീരുമെന്നും സത്യവിശ്വാസിക്ക് സുവാർത്ത നൽകിയിരിക്കുന്നു. നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുന്നതാണ്. ഏത് യാത്രയും അല്ലാഹുവിനെ ആരാധിക്കുന്നതിനും നന്മ പ്രചരിപ്പിക്കുന്നതിനും വേണ്ടി ചെയ്യുകയാണെങ്കിൽ അത് അല്ലാഹുവിൽനിന്ന് അനുഗ്രഹം കിട്ടുന്നതിനുള്ള മാർഗ്ഗമായിത്തീരുന്നു. അഞ്ചാമതായി പറഞ്ഞത് റുകൂഅ് അഥവാ നമിക്കുന്നവർക്ക് സുവാർത്തയുണ്ടെന്നാണ്. നമ്മൾ നമസ്കരിക്കുന്നു. ഓരോ റക്ക്അത്തിലും റുകൂഅ് ചെയ്യുന്നു. പക്ഷേ, യഥാർത്ഥമായ റുകൂഅ് എന്നു പറയുന്നത് ശരീരവും ആത്മാവും ഒരുപോലെ ദൈവസവിധത്തിൽ കുനിയുന്നതിനാണ്. ശരീരത്തിന്റെ ഓരോ തരിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുമ്പോഴാണ്. ഈ ചിന്തയോടുകൂടി റുകൂഅ് ചെയ്യുമ്പോൾ തന്റെ ‘രിളാ’ കരസ്ഥമാക്കുന്നതിനുള്ള മാർഗ്ഗമായി അത് തീരുമെന്ന് അല്ലാഹു സുവാർത്ത് അറിയിക്കുന്നു. പിന്നീട് സുജൂദ് ചെയ്യുന്നവർക്ക് സന്തോഷവാർത്ത അറിയിച്ചിരിക്കുകയാണ്. നമസ്കാരത്തിൽ മനുഷ്യൻ സുജൂദ് ചെയ്യുന്നു. ഇത് അങ്ങേയറ്റത്തെ വിനയത്തിന്റെ അവസ്ഥയാണ്. സുജൂദുകൾ എങ്ങനെയാണ് ചെയ്യേണ്ടതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞുതന്നിരിക്കുന്നു. അത് കോഴി, തീറ്റ കൊത്തിപ്പെറുക്കിയെടുക്കുന്നതുപോലെ പെട്ടെന്ന് പെട്ടെന്ന് ചെയ്യലല്ല. മറിച്ച്, അങ്ങേയറ്റം വിനയത്തോടും സാവധാനത്തിലും അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുക. നബി(സ) പറഞ്ഞു ‘സുജൂദിന്റെ അവസ്ഥയിൽ മനുഷ്യൻ അല്ലാഹുവിന്റെ ഏറ്റവും അടുത്തായിത്തീരുന്നു’. കാരണം അവൻ തന്റെ എല്ലാ ഇന്ദ്രിയാശകളും അവസാനിപ്പിച്ച് തന്നെ അല്ലാഹുവിന്റെ സന്നിധിയിൽ വലിച്ചിട്ടു. ദോഷപ്രവണമായ ആത്മാവിനെ വധിച്ചതിന് അല്ലാഹു അവന് ഏറ്റവും നല്ല പ്രതിഫലം നല്കി. ഈ സ്ഥാനം കരസ്ഥമാക്കിയതിനുശേഷം, ഈ നന്മ മുഖേന അവന് ലഭിച്ച സ്ഥാനം തന്നിൽ മാത്രം ഒതുക്കി നിറുത്താതെ ആ നന്മ പ്രചരിപ്പിക്കേണ്ടതും സത്യവിശ്വാസിയുടെ ഒഴിച്ചുകൂടാൻ പറ്റാത്ത പ്രവർത്തിയാണ്.

മറ്റുള്ളവരേയും ആ സ്ഥാനത്തെക്കുറിച്ച് ബോധവാനാക്കാൻ പരിശ്രമിക്കുക. തിന്മകൾക്കെതിരെ യുദ്ധം ചെയ്യുക. തന്റെ തിന്മകളൊക്കെ ഒഴിവാക്കിയതിനുശേഷം, ഏതെതെല്ലാം കാര്യങ്ങളാണ് അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അകറ്റിക്കളയുന്നതെന്ന് ലോകർക്കും പറഞ്ഞുകൊടുക്കണം. എന്നല്ല, ഈ തിന്മകൾ കാരണത്താൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി തീരുന്നതിനു പകരം ശയ്ത്വാന്റെ മടിത്തട്ടിലേക്ക് പോകുന്നു. അതിനാൽ, ഈ നന്മകൾ കരസ്ഥമാക്കുക. അത് കരസ്ഥമാക്കാൻ വേണ്ടിയും പ്രചരിപ്പിക്കുന്നതിനു വേണ്ടിയും യാത്ര ചെയ്യുക.  തുടങ്ങിയവ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള മാർഗ്ഗമായിത്തീരുന്നു. കാരണം ഈ മാർഗ്ഗത്തിലൂടെ അവൻ ആഗ്രഹിക്കുന്നത് അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിക്കുക എന്നതാണ്. അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നത് തന്റെ ദാസന് ഈ അവസ്ഥയുണ്ടായാൽ അവന് സന്തോഷവാർത്തയുണ്ടെന്നാണ്. എങ്ങനെയുള്ള സന്തോഷവാർത്ത. തുടരെത്തുടരെ നല്കപ്പെടുന്ന സന്തോഷവാർത്ത. **നമ്മുടെ യാത്രയും നമ്മുടെ താമസവും നന്മ പ്രചരിപ്പിക്കുന്നതിനും, നന്മ ചെയ്യുന്നതിനും അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിക്കുന്നതിനും വേണ്ടിയായിത്തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിക്കൊണ്ട് അവന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നവരായിത്തീരാൻ അവൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.**

രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ ഞാനും ഒരു യാത്രയ്ക്കൊരുങ്ങുകയാണ്. പശ്ചിമാഫ്രിക്കയിലെ മൂന്ന് രാജ്യങ്ങളിലാണ് യാത്ര ചെയ്യുന്നത്. ഘാന, ബനിൻ, നൈജീരിയ. ഈ രാജ്യങ്ങളുടെ പരിപാടികൾ ഖിലാഫത്ത് ജൂബിലിയുമായി ബന്ധപ്പെട്ട ഞാൻ പങ്കെടുക്കാൻ പോകുന്ന ആദ്യത്തെ പരിപാടികളാണ്. ഇൻശാഅല്ലാഹ്. ഇതിനോടൊപ്പം വിവിധ രാജ്യങ്ങളിൽ പരിപാടികൾ നടക്കേണ്ടതായുണ്ട്. ചില രാജ്യങ്ങളിലെ പരിപാടികളിൽ ഞാൻ പങ്കെടുക്കുന്നതാണ്. ഇൻശാഅല്ലാഹ്. അതുകൊണ്ട് ഈ വർഷം ഇതിന്റെ അടിസ്ഥാനത്തിൽ തിരക്കുള്ളതും യാത്രയുടേതുമായിരിക്കും. കഴിഞ്ഞ നൂറുവർഷത്തിലേറെയായി അല്ലാഹുവിന്റെ അനുഗ്രഹമഴ ജമാഅത്തിനുമേൽ വർഷിച്ചുകൊണ്ടിരിക്കുന്നു. അവയെല്ലാം നമ്മുടെ ആരാധനയുടെ നിലവാരം മെച്ചപ്പെടുത്തുന്നതും നമ്മുടെ വിനയത്തിന്റെ നില ഉയർത്തുന്നതുമായിത്തീരാൻ പ്രാർത്ഥിക്കുക. നന്മകൾ പ്രചരിപ്പിക്കുന്നതിലേക്കും തിന്മകൾ തടയുന്നതിലേക്കും നമ്മൾ കൂടുതൽ ബദ്ധശ്രദ്ധരായിത്തീരട്ടെ. പ്രത്യേകിച്ച് എന്റെ എല്ലാ യാത്രയും ഈ ഉദ്ദേശ്യലബ്ധിക്കും അല്ലാഹുവിന്റെ സഹായം ഉണ്ടാകുന്നതിനു വേണ്ടിയുമായിത്തീരാൻ പ്രാർത്ഥിക്കുക. അല്ലാഹു യാത്രയിലും ഹാഫിളും നാസിറും ആയിരിക്കട്ടെ. എവിടെയെത്തുന്നുവോ അവിടെയും തന്റെ ദിവ്യശക്തിയുടെ പ്രത്യേക ദൃശ്യം കാണിച്ചുതരുമാറാകട്ടെ. നമ്മൾ ബലഹീനരും ദുർബലരുമാണ്. അല്ലാഹുവിന്റെ സഹായം നമ്മൾക്കില്ലെങ്കിൽ നമുക്ക് നമ്മളിൽ എന്തെങ്കിലും നന്മ സ്ഥാപിക്കാൻ സാധിക്കുകയില്ല. മറ്റുള്ളവരെ ഉപദേശിക്കാനും കഴിയുകയില്ല. ഈ യാത്ര സന്തോഷവാർത്ത അറിയിക്കുന്നതായിരിക്കുന്നതുമല്ല. അതിനാൽ അവന്റെ അനുഗ്രഹലബ്ധിക്കായി അവന്റെ മുമ്പിൽ കുനിയുക എന്നതുതന്നെയാണ് നമ്മുടെ പരിശ്രമം കൂടുതൽ നല്ല ഫലം ഉളവാക്കുന്നതായിത്തീരുന്നത്. അല്ലാഹു ഇതിൽ വിജയം നല്കുമാറാകട്ടെ. ഇവ സ്വീകരിക്കുമാറാകട്ടെ.

യാത്ര ആരംഭിക്കുന്നതിനു മുമ്പേ ചെയ്യേണ്ട ചില പ്രാർത്ഥനകളും അല്ലാഹു വിശുദ്ധഖുർആനിൽ നമ്മെ പഠിപ്പിച്ചിരിക്കുന്നു. അത് സുഖകരമായ യാത്രയ്ക്ക് നിദാനമായിത്തീരുക മാത്രമല്ല, മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹങ്ങളും വർദ്ധിപ്പിക്കുന്നതാണ്. നബി(സ) തിരുമേനി യാത്ര തുടങ്ങുന്നതിനു മുമ്പേ പ്രാർത്ഥിക്കാറുണ്ടായിരുന്നു. അല്ലാഹു പറയുന്നു

لِتَسْتَوٗا عَلٰى ظُهُوْرِهٖ ثُمَّ تَذْكُرُوْا نِعْمَةَ
رَبِّكُمْ اِذَا اسْتَوَيْتُمْ عَلَيْهِ وَتَقُوْلُوْا
سُبْحٰنَ الَّذِيْ سَخَّرَ لَنَا هٰذَا وَمَا كُنَّا لَهٗ
مُقْرِنِيْنَ ﴿١٤﴾
وَاِنَّآ اِلٰى رَبِّنَا لَمُنْقَلِبُوْنَ ﴿١٥﴾

നിങ്ങൾ അതിന്റെ പുറത്ത് ഉറച്ചിരിക്കുന്നതിനും നിങ്ങൾ അതിന്മേൽ ഉറച്ചിരുന്നാൽ പിന്നെ അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്മരിക്കുന്നതിനുവേണ്ടിയും, ''ഇതിനെ ഞങ്ങൾക്ക് കീഴ്പ്പെടുത്തിതന്നവൻ പരിശുദ്ധനാണ്. ഇതിനെ വഴിപെടുത്താൻ ഞങ്ങൾക്ക് കഴിവുണ്ടായിരുന്നില്ല. തീർച്ചയായും ഞങ്ങളുടെ രക്ഷിതാവിലേക്കാണ് ഞങ്ങളുടെ മടക്കം.'' എന്ന് നിങ്ങൾ പറയുന്നതിനുവേണ്ടിയും (43:14,15).

ഇക്കാലത്ത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. ഇന്നത്തെ ആവശ്യത്തിന് അനുസരിച്ചുള്ള യാത്രാവാഹനങ്ങളും തന്നു. അത് എളുപ്പത്തിൽ, ചുരുങ്ങിയ സമയംകൊണ്ട് നമ്മെ എത്തേണ്ടിടത്ത് എത്തിക്കുന്നു. മനുഷ്യൻ ഈ ചിന്തയോടുകൂടി അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിന് നന്ദി കാണിക്കുകയും അവന് സ്തോത്രം ചെയ്യുകയും താൻ യഥാർത്ഥ നിലയിൽ സുജൂദ് ചെയ്യുന്നവരിൽ ഉൾപ്പെട്ട് അല്ലാഹുവിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുന്നവനായിത്തീരുകയും ചെയ്യണമെന്ന് വിചാരിക്കുകയാണെങ്കിൽ സകല യാത്രയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നതായി തീരും. എനിക്കുവേണ്ടി ദുആ ചെയ്യുക, ഞാൻ മുമ്പേയും പറഞ്ഞതാണ് എന്റെ ഏത് യാത്രയും ഈ വികാരത്തോടും ഈ ചിന്തയോടും കൂടിയായിരിക്കാൻ ദുആ ചെയ്യുക. ജമാഅത്തിന്റെ മുഴുവൻ ദുആയുടെ പ്രവാഹം ഒരു ഭാഗത്തേക്കുണ്ടാകുമ്പോൾ, അല്ലാഹുവിന്റെ ഫള്ല് വർദ്ധിച്ചു പ്രകടമാകുന്നതാണ്. **അല്ലാഹു നമുക്ക് ദുആ ചെയ്യാൻ തൗഫീഖ് നല്കുമാ**

**റാകട്ടെ. അത് സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ. നമ്മൾ ഓരോ ചുവടിലും അവന്റെ അനുഗ്രഹങ്ങളുടെ ദൃശ്യം ആദ്യത്തേക്കാൾ അധികമായി കാണുന്നവരായിത്തീരട്ടെ. അല്ലാഹു ഓരോ ചുവടിലും നമ്മുടെ ബലഹീനതകൾ അകറ്റുമാറാകട്ടെ. അവയെല്ലാം മറച്ചുവയ്ക്കുമാറാകട്ടെ. നമ്മുടെ ഒരു തെറ്റും ഒരു പോരായ്മയും അനുഗ്രഹങ്ങളിൽനിന്ന് നമ്മെ അകറ്റിക്കൊണ്ടുപോകുന്നതാകാതിരിക്കട്ടെ.**

ഇപ്പോൾ ഞാൻ യാത്രയെക്കുറിച്ച് വന്നിട്ടുള്ള ചില ഹദീഥുകളും കേൾപ്പിക്കുന്നതാണ്. നബി(സ) തിരുമേനിയുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും പ്രാർത്ഥനകളും അടങ്ങുന്നവയാണത്. നമ്മുടെ യാത്ര അല്ലാഹുവിന്റെ അനുഗ്രഹലബ്ധിക്കുള്ള മാർഗ്ഗമായിത്തീരുന്നതിനുവേണ്ടിയാണ് ഞാനിത് പറയുന്നത്. യാത്ര പുറപ്പെടുന്നതിനു മുമ്പേ നബി(സ) യാത്ര ചെയ്യുന്നവർക്കായി ഏത് രീതിയിൽ ദുആ ചെയ്തുകൊണ്ടാണ് അവരെ യാത്രയാക്കിയിരിക്കുന്നത്. ഇതുസംബന്ധമായി നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു. ഒരാൾ, നബി(സ)യുടെ അടുക്കൽ വന്നു. അല്ലാഹുവിന്റെ റസൂലേ, ഞാൻ യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. നബി(സ) അയാളോട് എപ്പോഴാണെന്ന് ചോദിച്ചു. അയാൾ പറഞ്ഞു, നാളെ ഇൻശാഅല്ലാഹ്. നിവേദകൻ പറയുന്നു. നബി(സ) അയാളുടെ അടുത്തുവന്ന് കൈ പിടിച്ചുകൊണ്ട് പറഞ്ഞു

فِيْ حِفْظِ اللهِ وَفِيْ كَنَفِ زَوَّدَكَ اللهُ
التَّقْوٰى وَغَفَرَ لَكَ ذَنْبَكَ وَوَجَّهَكَ
لِلْخَيْرِ اَيْنَمَا تَوَقَّيْتَ وَاَيْنَمَا تَوَجَّهْتَ

നീ ഏത് കാര്യം തീരുമാനിക്കുമ്പോഴും ഏത് കാര്യത്തിലേക്ക് തിരിയുമ്പോഴും നീ അല്ലാഹുവിന്റെ സംരക്ഷണയിലും അവന്റെ ഭാഗത്തും ഇരിക്കുമാറാകട്ടെ. അല്ലാഹു തഖ്‌വയെ നിന്റെ പാഥേയമാക്കുമാറാകട്ടെ. നിനക്ക് വേണ്ടി നിന്റെ പാപം പൊറുത്തുതരുമാറാകട്ടെ. നന്മയിലേക്ക് നിന്നെ തിരിക്കുമാറാകട്ടെ.

യാത്ര ചെയ്യുന്നതിനു മുമ്പേയുള്ള നബി(സ)യുടെ സ്വന്തം ശീലമെന്തായിരുന്നു? ഇതുസംബന്ധമായി ചില നിവേദനങ്ങൾ പറയുകയാണ്. യാത്രയിൽ വിജയമുണ്ടാകുന്നതിനും അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുന്നതിനും അങ്ങനെ അവന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതിനുമുള്ള മാർഗ്ഗം ഇതൊന്നു മാത്രമാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അനസ് ബിൻ മാലിക് (റ) വിവരിക്കുന്നു. നബിസ) തിരുമേനി യാത്രയ്ക്കിടെ എവിടെയെങ്കിലും തമ്പടിച്ചാൽ രണ്ട് റക്അത്ത് നമസ്കരിക്കാതെ അവിടെനിന്ന് പുറപ്പെടുമായിരുന്നില്ല. യാത്ര തുടങ്ങുന്നതിന് മുമ്പേയും അവസാനിക്കുമ്പോഴും ദാനധർമ്മം ചെയ്യുന്നതിനെ സംബന്ധിച്ചും പറയുന്നുണ്ട്. നബി(സ) എപ്പോഴും ദാനധർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നു. ഇതുപോലെതന്നെ ബലി അറുക്കുന്നതിനെ സംബന്ധിച്ചും പറയുന്നുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബ്ദുല്ലാഹ്ബിൻ ഉമർ(റ) പറയുന്നു: നബി(സ) ഹജ്ജിൽനിന്നോ, ഉംറയിൽനിന്നോ മടങ്ങിത്തിരിച്ചാൽ പാറയോ ചുരമോ കയറുമ്പോൾ മൂന്നുപ്രാവശ്യം തക്ബീർ ചൊല്ലിയിട്ട് ഇപ്രകാരം പറയുമായിരുന്നു, 'അല്ലാഹുവല്ലാതെ മറ്റാരാധ്യനില്ല. അവൻ ഏകനാണ്. അവനൊരു കൂട്ടുകാരുമില്ല. അവനാണ് ഭരണാധികാരം, അവനാണ് സർവ്വസ്തുതിയും. അവനാണ് എല്ലാ കാര്യങ്ങളിലും കഴിവുള്ളവൻ. പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുന്നവരും ഇബാദത്ത് നിർവ്വഹിക്കുന്നവരും റബ്ബിന് വേണ്ടി സുജൂദ് ചെയ്യുന്നവരും അവനെ സ്തുതിക്കുന്നവരുമാണ് ഞങ്ങൾ. അല്ലാഹു വാഗ്ദത്തം നിറവേറ്റി. അവന്റെ ദാസനെ സഹായിച്ചു. ശത്രുസമൂഹത്തെ അവൻ ഒറ്റയ്ക്ക് പരാജയപ്പെടുത്തി."

നബി(സ)യോട് അല്ലാഹു ചെയ്ത എല്ലാ വാഗ്ദാനവും നമുക്ക് വേണ്ടി പുലർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. നമ്മുടെ ഏതെങ്കിലും ബലഹീനത നമ്മെ അതിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതിന് കാരണമാകാതിരിക്കട്ടെ. നബി(സ)യുടെ കൊടി ലോകത്ത് എത്രയും വേഗം പറക്കുന്നത് കാണാനുള്ള ഭാഗ്യം അല്ലാഹു നമുക്ക് നല്കുമാറാകട്ടെ.

നബി(സ) ഉപദേശിച്ചു: ഖൗല ബിൻത് ഹക്കീം(റ) നിവേദനം ചെയ്യുന്നു. അവർ പറഞ്ഞു, റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. നിങ്ങളിൽ വല്ലവനും ഒരിടത്ത് ഇറങ്ങി തമ്പടിച്ചാൽ അവൻ ഇങ്ങനെ പറയട്ടെ,

اَعُوْذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ
شَرِّ مَا خَلَقَ

'അല്ലാഹുവിന്റെ പരിശുദ്ധമായ വാക്യങ്ങളുടെ പേരിൽ, അവന്റെ സൃഷ്ടികളുടെ ഉപദ്രവത്തെ തൊട്ട് ഞാൻ കാവൽ അപേക്ഷിക്കുന്നു' എങ്കിൽ തൽസ്ഥാനത്ത് നിന്ന് അവൻ യാത്ര തിരിക്കുന്നതുവരെ യാതൊന്നും അവനെ ശല്യപ്പെടുത്തുകയില്ല.

ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. നിസംശയം മൂന്ന് പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കും. ഒന്ന് മർദ്ദിതന്റെ പ്രാർത്ഥന, രണ്ട് യാത്രക്കാരന്റെ പ്രാർത്ഥന, മൂന്ന് സന്താനങ്ങൾക്കു വേണ്ടി പിതാവിന്റെ പ്രാർത്ഥന.

അതിനാൽ യാത്രക്കാർ യാത്രയിൽനിന്ന് ഫലമെടുക്കേണ്ടതാണ്. നിരർത്ഥകമായ കാര്യങ്ങളിലൂടെ മുഴുവൻ സമയവും പാഴാക്കിക്കളയുന്നതിനു പകരം പ്രാർത്ഥനകളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു നമുക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. അവന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം ഈ പ്രാർത്ഥനകളെല്ലാം സ്വീകരിക്കുമാറാകട്ടെ.

ഹദ്റത്ത് സുഹയ്ബ് (റ) നബി(സ)യുടെ സഹാബിയായിരുന്നു. അദ്ദേഹം പറയുന്നു: നബികരീം(സ) താൻ പോകാനുദ്ദേശിക്കുന്ന ഏതെങ്കിലും പ്രദേശം കണ്ടാൽ ഇങ്ങനെ ദുആ ചെയ്യും.

اللهم رب السموات السبع وما أظللن ورب
الأرضين السبع وما أقللن ورب الشياطين وما
أضللن ورب الرياح وما ذرين فإنا نسألك خير
هذه القرية وخير أهلها وخير ما فيها ونعوذ بك
من شرها وشر أهلها وشر ما فيها. اللهم بارك لنا
فيها اللهم بارك لنا فيها. اللهم بارك لنا فيها.
اللهم ارزقنا جناها وحببنا إلى أهلها وحبب
صالح أهلها إلينا

അല്ലാഹുവേ, ഏഴാകാശങ്ങളുടെയും ഏതൊന്നിലാണോ അവയുടെ തണലുള്ളത് അവയുടെയും നാഥാ! ഏഴ് ഭൂമിയുടെയും എന്തൊന്നാണോ അവ വഹിച്ചിട്ടുള്ളത് അവയുടെയും നാഥാ! ശയ്ത്വാന്മാരുടെയും അവൻ വഴിപിഴപ്പിച്ചവരുടെയുമെല്ലാം നാഥാ! കാറ്റുകളുടെയും എന്തൊന്ന് അവ പറത്തിക്കൊണ്ടുപോകുന്നുവോ അവയുടെയും നാഥാ! ഞാൻ നിന്നോട് ഈ പ്രദേശത്തിന്റെയും ഇവിടുത്തെ വാസികളുടെയും ഇവിടെ എന്തൊക്കെയുണ്ടോ അവയുടെയും നന്മയ്ക്കും ക്ഷേമത്തിനുമായി പ്രാർത്ഥിക്കുന്നു. ഞാൻ ഈ പ്രദേശത്തിന്റെയും ഇവിടുത്തെ വാസികളുടെയും ഇവിടെ എന്തൊക്കെയുണ്ടോ അവയുടെയും ഉപദ്രവങ്ങളിൽനിന്ന് നിന്നോട് അഭയം തേടുന്നു. അല്ലാഹുവേ, ഈ പ്രദേശത്ത് ഞങ്ങൾക്കായി അനുഗ്രഹം നിക്ഷേപിച്ചാലും. ഈ സ്ഥലത്തുനിന്ന് ഞങ്ങൾക്ക് അനുഗ്രഹം തന്നാലും. അനുഗ്രഹത്തിന്റെ സാധനസാമഗ്രികൾ ഈ പ്രദേശത്ത് ഞങ്ങൾക്ക് ഒരുക്കിത്തന്നാലും. അല്ലാഹുവേ, ഇവിടുത്തെ ഫലങ്ങളിൽ നിന്ന് ഞങ്ങൾക്ക് ഭക്ഷണം തന്നാലും. ഇവിടുത്തെ വാസികളുടെ മനസ്സുകളിൽ ഞങ്ങളോട് സ്നേഹമുണ്ടാക്കിയാലും. ഈ പ്രദേശത്തെ നല്ലവരായ ആളുകളോടുള്ള സ്നേഹം ഞങ്ങളുടെ മനസ്സിലും സൃഷ്ടിച്ചാലും."

യാത്ര തുടങ്ങുമ്പോഴുള്ള പ്രാർത്ഥനകളിൽ ഒന്ന് നബി(സ) ഇങ്ങനെയും നമുക്ക് പറഞ്ഞുതന്നു. ഹദ്റത്ത് അബ്ദുല്ലാഹ്ബിൻ സർജീസ്(റ)ൽനിന്ന് നിവേദനം. റസൂൽ(സ) യാത്ര പുറപ്പെടുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു.

اللهم إني أعوذ بك من وعثاء
السفر وكآبة المنقلب والحور بعد
الكور ودعوة المظلوم وسوء المنظر
في الأهل والمال

യാത്രയിലെ വിഷമത്തെത്തൊട്ടും ദുഃഖകുലരായി തിരിച്ചുവരവിനെതൊട്ടും സന്തോഷത്തിനുശേഷം സന്താപത്തെത്തൊട്ടും മർദ്ദിതന്റെ പ്രാർത്ഥനയെതൊട്ടും കുടുംബത്തിന്റെ ധനത്തിലുള്ള മോശപരമായ രംഗത്തെത്തൊട്ടും ഞാൻ നിന്നോട് അഭയം തേടുന്നു.

ഹദ്റത്ത് ഉമ്മുസൽമ(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) വീട്ടിൽനിന്നിറങ്ങുമ്പോൾ സ്ഥിരമായി ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. അല്ലാഹുവേ, വഴിപിഴച്ചുപോകുന്നതിൽനിന്നും അല്ലെങ്കിൽ വഴി തെറ്റിപ്പോകുന്നതിൽനിന്നും ഞാൻ അക്രമം ചെയ്യുന്നതിൽനിന്നും എന്നോട് അക്രമം ചെയ്യപ്പെടുന്നതിൽനിന്നും ഞാൻ വിവരക്കേട് കാണിക്കുന്നതിൽനിന്നും എന്നോട് വിവരക്കേട് കാണിക്കപ്പെടുന്നതിൽനിന്നും നിന്നോട് ഞാൻ അഭയംതേടുന്നു.

യാത്ര തുടങ്ങുമ്പോൾ ചെയ്തിട്ടുള്ള മറ്റ് പ്രാർത്ഥനകളെക്കുറിച്ചും നിവേദനത്തിൽ കാണാം. അബുഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) യാത്ര പുറപ്പെടുമ്പോൾ തന്റെ ഒട്ടകത്തിന്മേൽ ഇരുന്നുകൊണ്ട് വിരൽ ചൂണ്ടിപ്പറയും, അല്ലാഹുവേ, നീയാണ് ഈ യാത്രയിൽ ഉത്തമനായ കൂട്ടുകാരൻ. വീട്ടുകാരുടെമേൽ നീ തന്നെയാണ് ഏറ്റവും നല്ല ഭരണാധികാരി. അല്ലാഹുവേ നിന്റെ നന്മയോടുകൂടി ഞങ്ങളെ കൊണ്ടുപോയാലും. നിന്റെ ചുമതലയിൽ തന്നെ ഞങ്ങളെ തിരിച്ചുകൊണ്ടുവന്നാലും. അല്ലാഹുവേ, ഞങ്ങൾക്കുവേണ്ടി ഭൂമിയെ ചുരുക്കിത്തന്നാലും. ഈ യാത്ര ഞങ്ങൾക്ക് എളുപ്പമാക്കിത്തന്നാലും. അല്ലാഹുവേ, യാത്രയിലെ ബുദ്ധിമുട്ടുകളിൽനിന്നും പ്രയാസങ്ങളിൽനിന്നും ദുഃഖത്തോടും വേദനയോടും കൂടി യാത്ര മടങ്ങുന്നതിൽനിന്നും നിന്നോട് ഞാൻ അഭയം തേടുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബ്ദുർറസ്സാക്ക് പറയുന്നു: അദ്ദേഹത്തോട് അബ്ദുല്ലാഹ്ബിൻ ഉമർ(റ) പറഞ്ഞു: റസൂൽ(സ) യാത്ര പുറപ്പെടുമ്പോൾ വാഹനത്തിനുമേൽ ഉറച്ചിരുന്നതിനുശേഷം മൂന്ന് പ്രാവശ്യം തക്ബീർ ചൊല്ലുമായിരുന്നു. പിന്നീട് ഇങ്ങനെ പ്രാർത്ഥിക്കും. ***സുബ്ഹാനല്ലദീ സഖ്ഖറലനാ ഹാദാ വമാകുന്നാ ലഹു മുഖ്രിനീൻ വ ഇന്നാ ഇലാ റബ്ബിനാ ലമുൻഖലിബൂൻ*** ഈ യാത്രാവാഹനം നമുക്ക് വിധേയനാക്കിത്തന്നവൻ പരിശുദ്ധനാണ്. ഇതിനെ കീഴടക്കുക എന്നത് നമ്മുടെ കഴിവിൽപ്പെട്ടതായിരുന്നില്ല. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും ഞങ്ങൾ നിന്നിലേക്ക് മടങ്ങിവരുന്നവരാണ്. അല്ലാഹുവേ, ഞാൻ നിന്നോട് ഈ യാത്രയിൽ നന്മയും തഖ്‌വയും ചോദിക്കുന്നു. നീ തൃപ്തിപ്പെടുന്ന രീതിയിലുള്ള കർമ്മം നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, ഈ യാത്ര ഞങ്ങൾക്ക് എളുപ്പമാക്കിത്തന്നാലും. അല്ലാഹുവേ, ഇതിന്റെ ദൂരം ഞങ്ങൾക്ക് ചുരുക്കിത്തന്നാലും. അല്ലാഹുവേ, നീ തന്നെയാണ് ഈ യാത്രയിൽ ഞങ്ങളുടെ യഥാർത്ഥ കൂട്ടുകാരൻ. വീട്ടുകാരുടെമേലും സമ്പത്തിനുമേലും നീ തന്നെയാണ് യഥാർത്ഥ ഭരണാധികാരി."

നബി(സ) യാത്രയിൽനിന്ന് തിരിക്കുമ്പോൾ ഈ വാക്കുകൾ കൂടുതലായി പറയുമായിരുന്നു, "ഞങ്ങൾ മടങ്ങിവരുന്നവരാണ്, ഞങ്ങൾ പശ്ചാത്തപിച്ചു മടങ്ങുന്നവരാണ്, ഞങ്ങൾ ആരാധിക്കുന്നവരാണ്, ഞങ്ങളുടെ

റബ്ബിനെ സ്തുതിക്കുന്നവരാണ്." ഏതെങ്കിലും കയറ്റം കയറുമ്പോൾ അല്ലാഹു അക്ബർ പറയുമായിരുന്നു വെന്ന് മുമ്പേ പറഞ്ഞ നിവേദനത്തിൽ വന്നിട്ടുണ്ട്. ഇറങ്ങുമ്പോൾ സുബ്ഹാനല്ലാഹ് എന്നും പറയുമായിരുന്നു.

നമ്മളും നബി(സ) പറഞ്ഞ ഈ പ്രാർത്ഥനയോടു കൂടി നമ്മുടെ യാത്ര ആരംഭിക്കുന്നു. അല്ലാഹു അവന്റെ പ്രിയപ്പെട്ട നബിയുടെ പരശുദ്ധമായ നാവിൽനിന്ന് പുറപ്പെട്ട ഈ വാക്കുകളുടെ അനുഗ്രഹത്താൽ നമ്മുടെ യാത്രയും സുഗമമാക്കിത്തരുമാറാകട്ടെ. അവയിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. സുഖകരമായ നിലയിൽ, അനുഗ്രഹങ്ങൾ കരസ്ഥമാക്കിക്കൊണ്ട് തിരിച്ചു വരാൻ സൗഭാഗ്യം നല്കുമാറാകട്ടെ. നമുക്ക് കിട്ടുന്ന അനുഗ്രഹങ്ങൾ എന്നെന്നും നിലനില്ക്കുന്നതായിത്തീരട്ടെ. ഏത് രാജ്യത്തുപോയാലും ഏത് ജമാത്തിൽ പോയാലും അല്ലെങ്കിൽ എവിടെയൊക്കെ ഈ പരിപാടികൾ നടക്കുന്നുണ്ടോ അവിടെയെല്ലാം ഈ അനുഗ്രഹങ്ങൾ പ്രകടമാകുന്നത് കാണാൻ കഴിയുമാറാകട്ടെ. അല്ലാഹു അവന്റെ തൗഹീദിന്റെ പതാക ലോകം മുഴുവൻ പാറിക്കളിക്കുന്ന ആ ദിവസം എത്രയും വേഗം നമുക്ക് കാണിച്ചുതരുമാറാകട്ടെ. അല്ലാഹുവിന്റെ പ്രിയപ്പെട്ടവനും മനുഷ്യത്വത്തിന്റെ ഉപകാരിയുമായ നബി(സ)യുടെ പ്രൗഢിയും സൗന്ദര്യവും പൂർണ്ണപ്രഭയോടെ ലോകത്ത് വിളങ്ങുന്നത് നാം കാണുമാറാകട്ടെ.

വേറൊരു കാര്യംകൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ജർമ്മനിയിലെ ലജ്നാ ഇമായില്ലായുമായി ബന്ധപ്പെട്ട ഒരു പ്രധാന കാര്യമാണിത്. ഇപ്പോൾ ഈ യാത്ര കാരണം അതിനെക്കുറിച്ചുള്ള ചിന്ത എനിക്ക് അധികമായി ഉണ്ടായി. ലോകത്ത് ഈ വർഷം ജൂബിലി ജൽസകൾ നടക്കുകയാണ്. ഇതു വളരെ പ്രധാനപ്പെട്ട ജൽസകളാണ്. ഇതിൽനിന്നെല്ലാം എപ്പോഴും പിന്തള്ളപ്പെട്ടിരിക്കേണ്ടിവരുമോ എന്നോർത്ത് ജർമ്മനിയിലെ ലജ്നകൾക്ക് വിഷമമുണ്ടാകും. കാരണം കഴിഞ്ഞവർഷം ഇവരുടെ ജൽസയിൽ അച്ചടക്കം പാലിക്കാത്തതു കൊണ്ട് നിങ്ങൾക്ക് മാറ്റമുണ്ടാകുന്നതുവരെ നിങ്ങളുടെ ജൽസ നടക്കുകയില്ലെന്ന് ഞാൻ പറഞ്ഞിരുന്നു. അതിനുശേഷം മാപ്പ് അപേക്ഷിച്ചുകൊണ്ട് പെൺകുട്ടികളുടെയും സ്ത്രീകളുടെയും നിരവധി കത്തുകൾ എനിക്ക് കിട്ടി. തങ്ങൾക്ക് മാപ്പ് നല്കണമെന്നും ഇൻശാഅല്ലാഹ് ഇനി അത്തരം സംഭവങ്ങൾ ഉണ്ടാകുകയില്ലെന്നും അതിലവർ പറഞ്ഞിരിക്കുന്നു. എന്നല്ല, ജർമ്മനിയിലെ ലജ്നകളോട് സഹതാപം പ്രകടിപ്പിച്ചുകൊണ്ട് മറ്റു രാജ്യങ്ങളിലെ ലജ്നാ മെമ്പർമാരും കത്തുകൾ അയച്ചിരുന്നു. അവരെ ജൽസയിൽനിന്ന് മാറ്റിനിറുത്തരുതെന്നും അവരും അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധമായി ഏറ്റവുമാദ്യം പാക്കിസ്ഥാനിൽനിന്നാണ് എനിക്ക് കത്ത് വന്നത്. എന്തായാലും ഞാൻ പറഞ്ഞതുപോലെ അത് പരിഷ്കരണത്തിനുള്ള ഒരു ചുവടായിരുന്നു. ജർമ്മനി ലജ്നയുടെ നാഷണൽ ഇജ്തിമായും ഇക്കാരണത്താൽ നടന്നില്ല. ആദ്യം ചെറിയ തോതിലുള്ള ഇജ്തിമാകൾ നടത്തി, ജൽസയുടെ പ്രാധാന്യത്തെക്കുറിച്ച് സ്ത്രീകൾക്ക് പറഞ്ഞുകൊടുക്കുക എന്നാണ് ഞാൻ ഉപദേശിച്ചത്. അതിന് നല്ല ഫലമുണ്ടായിരിക്കുന്നു. അൽഹംദുലില്ലാഹ്. എന്റെ നിർദ്ദേശമനുസരിച്ച് ഒരു വിപ്ലവകരമായ മാറ്റം അധികമാളുകളിലും ഉണ്ടായിട്ടുണ്ട്. എനിക്ക് വന്ന കത്തുകളിലും തൗബയിലേക്കും ഇസ്തിഗ്ഫാറിലേക്കും പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ആത്മാർത്ഥതയും കൂറും പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് ഈ ഭൗതികകാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ മാത്രമേ ഇത്തരം കർമ്മങ്ങൾ കാണുകയുള്ളൂ. ഇത് ഭൗതികമായ കാര്യത്തിനുവേണ്ടിയല്ല. ദീനിനുവേണ്ടി മാത്രമാണ്, ഇത്ര വേദനയോടെ പ്രവർത്തിക്കുന്നത്. പെൺകുട്ടികളും സ്ത്രീകളും ഖിലാഫത്തിനോടുള്ള സ്നേഹനിർഭരമായ വികാരം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു സഹോദരി എനിക്കെഴുതി. അവരുടെ ഒരു അനഹ്മദി കൂട്ടുകാരി അവരോട് പറഞ്ഞു 'നിങ്ങളുടെ ഖലീഫ നിങ്ങളോട് വെറുപ്പ് പ്രകടിപ്പിച്ചിരിക്കുന്നതായി ഞാൻ കേട്ടു. നിങ്ങൾ വളരെ മോശപ്പെട്ട സ്ത്രീകളാണ്.' ഇതിന് എന്ത് മറുപടി പറയണം എന്ന് അഹ്മദി സ്ത്രീ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അവർ വീണ്ടും പറഞ്ഞു: നിങ്ങൾക്ക് നിങ്ങളുടെ തെറ്റ് തിരുത്തുന്നതിന് ഒരാളുണ്ടല്ലോ. അതുകൊണ്ട് ശുക്ർ ചെയ്യുക. ഞങ്ങൾ തിന്മകളിൽ കുടുങ്ങിക്കൊണ്ടേ പോവുകയാണ്. ഞങ്ങളോട് ചോദിക്കാനും പറയാനും ആരുമില്ല."

എന്തായാലും നിയന്ത്രണം ജർമ്മനിയിലെ പെൺകുട്ടികളിലും സ്ത്രീകളിലും ഒരു അസ്വസ്ഥത പരത്തിയിരുന്നു. അതുകൊണ്ട് അവർ ദുആ ചെയ്തു. തങ്ങളിൽ മാറ്റവും വരുത്തി. ഞാൻ അമീർ സാഹിബിനോടും അവിടുത്തെ സദ്ർ ലജ്നയോടും രഹസ്യമായി ജൽസയുടെ തയ്യാറെടുപ്പുകൾ നടത്താൻ പറഞ്ഞിരുന്നു. ഇവരാരും അറിയാതെ അത് മുറപ്രകാരം നടന്നുവരികയും ചെയ്യുന്നു. ഇത് നല്ല കാര്യമാണ്. ജർമ്മനയിലെ ലജ്നയും അവിടുത്തെ പെൺകുട്ടികളും കാണിച്ച ആത്മാർത്ഥതയും കൂറും വിവരണാതീതമാണ്. എന്തായാലും ഈ വർഷം സ്ത്രീകൾക്കും കുട്ടികൾക്കും ജൽസയിൽ പങ്കെടുക്കാമെന്ന് സമാധാനിക്കാം. ഈ സംഭവം ജർമ്മനിയിലെ ലജ്നയോടുള്ള ആദരവ് എന്നിൽ വളരെയേറെ വർദ്ധിപ്പിച്ചിരിക്കുന്നു. അല്ലാഹുനിങ്ങളുടെ ആത്മാർത്ഥതയും കൂറും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. എപ്പോഴും അല്ലാഹു നിങ്ങളുടെ കൂടെ ഉണ്ടായിരിക്കുമാറാകട്ടെ. ഞാൻ വീണ്ടും പ്രാർത്ഥനയ്ക്ക് അപേക്ഷിക്കുകയാണ്. അവരവരുടെ നാട്ടിലെ ജൽസയുടെ വിജയത്തിനുവേണ്ടി ദുആ ചെയ്യുക. എന്റെ പര്യടനത്തിന്റെ വിജയത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അവന്റെ റഹ്മത്തിന്റെയും ഫള്ലിന്റെയും കവാടങ്ങൾ തുറന്നുകൊണ്ടേ പോകുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 11.4.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala